പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## സാമൂഹിക-സാമ്പത്തിക-ജാതി സെൻസസ്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2671 — 10.07.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. പി. ജയരാജൻ** | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | സാമൂഹിക സാമ്പത്തിക ജാതി സെൻസസ് എല്ലാ ജില്ലയിലും പൂർത്തീകരിക്കുകയുണ്ടായോ; കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുണ്ടായോ; | (എ) | സാമൂഹിക സാമ്പത്തിക ജാതി സെൻസസ് സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും എന്യൂമറേഷൻ ഘട്ടം പൂർത്തിയാക്കി കരട് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുകയും ആയതിന്മേലുള്ള പരാതി പരിഹരിക്കലും പൂർത്തിയായിട്ടുണ്ട്. 19.05.2014 തീയതിയിൽ കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | പൊതുജനങ്ങൾക്ക് കരട് ലിസ്റ്റ് എവിടെ നിന്നാണ് ലഭ്യമാകുന്നത്; | (ബി) | കരട് ലിസ്റ്റ് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാണ്. |
| (സി) | കരട് ലിസ്റ്റിനെ സംബന്ധിച്ച ആക്ഷേപങ്ങൾ ആർക്കാണ് നൽകേണ്ടത് ആക്ഷേപങ്ങൾ നൽകുന്നതിനുള്ള അവസാന തീയതി എന്നാണ്; | (സി) | സാമൂഹിക സാമ്പത്തിക ജാതി സെൻസസ്-ന്റെ ചുമതലയുള്ള ജില്ലാ കളക്ടർ, പഞ്ചായത്ത്/മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർ, വാർഡ് റവന്യൂ ഓഫീസർ, ജൂനിയർ എഞ്ചിനീയർ, സാനിട്ടറി സൂപ്പർവൈസർ/ഹെൽത്ത് ഇൻസ്പെക്ടർ തുടങ്ങിയ കാറ്റഗറിയിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർക്ക് ആക്ഷേപങ്ങൾ നൽകാവുന്നതാണ്. ആരോപണങ്ങൾ നൽകുന്നതിനുള്ള അവസാന തീയതി 28.02.2015 ആയിരുന്നു. |
| (ഡി) | ഫൈനൽ ലിസ്റ്റ് എപ്പോൾ പ്രസിദ്ധീകരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്? | (ഡി) | സാമൂഹിക സാമ്പത്തിക ജാതി സെൻസസ്-ന്റെ 9 ജില്ലകളുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്നതിനായി NIC ക്ക് അയച്ചു നൽകിയിട്ടുണ്ട്. 4 ജില്ലകളുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. ഒരു ജില്ലയുടെ പരാതി പരിഹരിക്കൽ ഘട്ടം പൂർത്തിയായി ഡാറ്റാ എൻട്രി നടന്നുവരുന്നു. മുഴുവൻ ജില്ലകളുടെയും അന്തിമ ലിസ്റ്റ് 30.06.2015 നകം പ്രസിദ്ധപ്പെടുത്തുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. |

സെക്ഷൻ ഓഫീസർ